ധനകാര്യവകുപ്പിലെ പെൻഷൻ ബി ഡിപ്പാർട്ടുമെൻറിൽ നിന്നുള്ള ഉത്തരവ്

* 545 [592] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിലെ പെൻഷൻ ബി ഡിപ്പാർട്ടുമെൻറിൽ നിന്നും ജി. ഒ. (പി). 427/81/ധനം, തീയതി 6-7-1981, എന്ന ഉത്തരവിൻറെ ആനുകൂല്യം 31-3-1981-ലോ അതിനുശേഷമോ, റിട്ടയർ ചെയ്യുന്ന സർക്കാരുദ്യോഗസ്ഥൻമാർക്കു മാത്രമായി നൽകുന്നതിൻറെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ ഉത്തരവിൻറെ ആനുകൂല്യം 31-3-1979-ലോ അതിനു ശേഷമോ റിട്ടയർചെയ്ത സർക്കാർ ഉദ്യോഗസ്ഥൻമാർക്കുകൂടി നൽകാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 1981-82-ലെ ബഡ്ജറ് പ്രഖ്യാപനങ്ങളുടെ ഭാഗമായിട്ടാണ് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചത്. അതുകൊണ്ടാണ് സ്വാഭാവികമായി 1-4-1981 മുതൽ പെൻഷന് അർഹരാകുന്നവർക്കുമാത്രം അനുവദിച്ചത്.

(ബി) ഉദ്ദേശിക്കുന്നില്ല.

വികലാംഗർക്ക് തൊഴിൽ കൊടുക്കുവാൻ നടപടി

* 546 [593] ശ്രീ. എം. സി. ചെറിയാൻ:
,, എം. എം. ഹസ്സൻ:
,, എ. കെ. ശശീന്ദ്രൻ:
,, തച്ചടി പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി കൂടുതൽ വികലാംഗർക്ക് തൊഴിൽ കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര വികലാംഗർക്ക് തൊഴിൽ നൽകിയിട്ടുണ്ട്?

സാമൂഹ്യവികസനവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്):

(എ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനത്തിൽ വികലാംഗർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിലേക്കായി അവരെ ഇപ്പോൾ തന്നെ മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ മുഖേന 2,326 വികലാംഗർക്ക് ജോലി നൽകിയിട്ടുണ്ട്. അവരിൽ 10 പേർ അംഗവൈകല്യം സംഭവിച്ച വികലാംഗരാണ്.

LIBRARY ARCHIVES Kerala Legislative Assembly